തൊഴിലുടമകളും നൽകുന്ന വിഹിതം എന്നീ മാർഗ്ഗങ്ങളിലൂടെ ആവശ്യമുള്ള ഫണ്ട് സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്.

(എഫ്) ഉണ്ട്. ഇതിനായി ലേബർ സെക്രട്ടറി കൺവീനറായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതാണ്.

13 (*566) ജവഹർ തൊഴിൽദാന പദ്ധതി

ശ്രീ. വി.ജെ. പൗലോസ് :

ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജവഹർ തൊഴിൽദാന പദ്ധതി നടപ്പാക്കിയതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ കാലയളവിൽ പ്രസ്തുത പദ്ധതിമൂലം എത്ര മനുഷ്യ പ്രയത്നദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു;

(സി) 1996-97, 1997-98, 1998-99 വർഷങ്ങളിൽ പ്രസ്തുത പദ്ധതിപ്രകാരം നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ഡി) ഇതിനായി എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജവഹർ തൊഴിൽദാന പദ്ധതി പ്രകാരം 39603 വീടുകളും 2197.57 കിലോമീറ്റർ റോഡും 2460 ജലസേചന കിണറുകളും 32195 കക്കൂസുകളും 1580 കുടിവെള്ളകിണറുകളും 39 സ്കൂൾ കെട്ടിടങ്ങളും 21.10 ഹെക്ടർ സ്ഥലത്ത് സാമൂഹ്യവനവൽക്കരണ പരിപാടി നടപ്പാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(ബി) ഈ കാലയളവിൽ പ്രസ്തുത പദ്ധതിമൂലം 187.08 ലക്ഷം മനുഷ്യാധ്വാന തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനു സാധിച്ചു.

(സി) 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിൽ പ്രസ്തുത പദ്ധതി പ്രകാരം വീടുകൾ നിർമ്മിച്ചുനൽകൽ, കക്കൂസുകൾ നിർമ്മിക്കുക, ജലസേചന കിണറുകളും കുടിവെള്ളക്കിണറുകളും നിർമ്മിക്കുക, സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുക, സാമൂഹ്യവനവൽക്കരണ പരിപാടിയിൻകീഴിൽ വൃക്ഷത്തൈകൾ നടുക മുതലായവയാണ് ഗ്രാമവികസന വകുപ്പുവഴി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ.

(ഡി) പ്രസ്തുത പദ്ധതിക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31.3.1999 വരെ 15362.99 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly